# പന്തപ്ലാക്കൽ കുടുംബസംഗമം

## 16-ാം സമ്മേളന റിപ്പോർട്ട് 2017-2018

Date:11-11-2017

## തങ്കച്ചൻ കൂട്ടിക്കൽ

" എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും." ഫിലിപ്പി 4: 13 ഈ ഒരു വിശ്വാസമായിരുന്നു നമ്മുടെയൊക്കെ മാതാപിതാക്കൻമാരുടെ ധൈര്യവും ജീവിതവും. മക്കൾക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു ജീവിച്ചിരുന്ന ഇവർ ദൈവത്തിൽ പ്രത്യാശ വയ്ക്കുകയും ദൈവത്തോടുള്ള സനേഹത്തെപ്രതി തെറ്റു കുറ്റങ്ങൾ ആവർത്തിക്കുമ്പോൾ ഭയവും ഉള്ളിൽ സൂക്ഷിച്ചിരുന്നു. എന്നാൽ പലകാര്യങ്ങളും ആത്മീയപാലകർ ഉദ്ബോധിപ്പിക്കുമ്പോൾ ഒരു ചെവിയിലൂടെ കേട്ട് മറ്റേ ചെവിയിലൂടെ പുറം തള്ളുന്ന ഒരു തലമുറയാണ് ഇന്നുള്ളത്. തിരക്കിട്ട ലോകത്ത് മക്കളെ വളർത്തുന്ന മാതാപിതാക്കൻമാർ കുട്ടികൾക്ക് നല്ല ഒരു മാതൃകയാകാനും, സന്മാർഗ്ഗിക ബോധത്തിലും ദൈവഭക്തിയിലും ദൈവാശ്രയത്തിലും ലാളിത്യത്തിലും വളർത്താൻ ശ്രദ്ധ ചെലുത്താൻ സാധിക്കാതെ പോകുന്നു. മാതാപിതാക്കൾ കുട്ടികൾക്ക് ഒരു തുറന്ന പാഠപുസ്തകമായിരിക്കണം. മാതാപിതാക്കളെയാണ് കുട്ടികൾ ആദ്യം കണ്ടുപഠിക്കുന്നതും മാതൃകയാക്കുന്നതും. കുടുംബബന്ധങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കുടുംബയോഗം കൂടുതൽ ഊർജ്ജസ്വലമാക്കുകയും എല്ലാവരും പ്രത്യേകിച്ച് കുട്ടികളേയും യുവജനങ്ങളേയും പങ്കെടുപ്പിച്ച് നാൾക്കുനാൾ വളർന്നുവരട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 16-ാം വാർഷിക സമ്മേളനം.

മലനിരകളാൽ ചുറ്റപ്പെട്ട പുഴകളും റബ്ബർതോട്ടങ്ങളും കൊണ്ടു നിറഞ്ഞ ഹൈറേഞ്ചിന്റെ കവാടമായ കോട്ടയം ജില്ലയുടെ കിഴക്കേ അറ്റത്തുള്ള പ്രകൃതിരമണീയമായ കൂട്ടിക്കൽ എന്ന ഗ്രാമത്തിൽ 2017 നവംബർ 11-ാം തീയതി തങ്കച്ചൻ എന്നു വിളിക്കുന്ന ചെറിയാൻ പി.ജെ യുടെ ഭവനത്തിൽ പ്രത്യേകം അലങ്കരിച്ച പന്തലിൽ വാർഷിക സമ്മേളനം നടന്നു. ആഹ്ലാദത്തിന്റെയും ആനന്ദത്തിന്റെയും ഒരു ഉത്സവമായിരുന്നു അത്.

പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ രക്ഷാധികാരിയും നെടും തൂണുമായ തോമസച്ചൻ നേരത്തെ തന്നെ എത്തിച്ചേർന്നു. 8 മണിക്ക് ബഹു.തോമസച്ചൻ കൂട്ടിക്കൽ സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ മൺമറഞ്ഞുപോയ കുടുംബംഗങ്ങളെ അനുസ്മരിച്ച് ഭക്തിനിർഭരമായ ദിവ്യബലിയും ഒപ്പീസും അർപ്പിച്ചു പ്രാർത്ഥിച്ചു.

9 മണിക്ക് പ്രഭാതഭക്ഷണവും രജിസ്ട്രേഷനും നടന്നു. 10.15 ന് ഈശ്വരപ്രാർത്ഥനയോടെ ഉത്ഘാടന സമ്മേളനം ആരംഭിച്ചു. കുടുംബയോഗം നടന്ന ഭവനത്തിലെ നാഥ മേഴ്സി വിശിഷ്ടാതിഥികളേയും കുടുംബാംഗങ്ങളേയും ഏറ്റവും ഹൃദ്യമായി സ്വാഗതം ചെയ്തു സംസാരിച്ചു. കുടുംബയോഗ രക്ഷാധികാരി റവ.ഫാ.തോമസ് പന്തപ്ലാക്കൽ ആമുഖ പ്രസംഗം നടത്തി.

ഫാത്തിമാ ദർശനത്തിന്റെ 100-ാം വർഷത്തിന്റെ ഓർമ്മക്കായി നമ്മുടെ കുടുംബങ്ങളെ മുഴുവനും പരിശുദ്ധാത്മാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ടിച്ചുകൊണ്ട് കൂട്ടിക്കൽ സെന്റ്.ജോർജ്ജ് പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട എബ്രാഹം കുപ്പപ്പുഴക്കലച്ചൻ മാതാവിന്റെ ഒരു രൂപം പ്രത്യേകം അലങ്കരിച്ച ഒരു പീഠത്തിൽ പ്രതിഷ്ഠിച്ച് വെഞ്ചരിച്ച് ജീവിതത്തിന്റെ നിറവും എല്ലാ ആവശ്യങ്ങളിലും എപ്പോഴും എല്ലാവർക്കും മാതാവിന്റെ അനുഗ്രഹം ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഓരോരുത്തരേയും പ്രത്യേകിച്ച് കുട്ടികളേയും മാതാവിന്റെ വിമല ഹൃദയത്തിനു പ്രതിഷ്ഠിച്ചുകൊണ്ട് പ്രാർത്ഥിച്ചു.

കുടുംബയോഗ പ്രസിഡന്റ് ശ്രീ ജോസ് ചേറ്റുതോട് ആദ്ധ്യക്ഷ പ്രസംഗം നടത്തി. കുമാരി ലിയാ മരിയ രാജു പന്തത്തല മനോഹരമായ ഒരു ഗാനം ആലപിച്ച് എല്ലാവർക്കും ഉണർവ്വും ഉന്മേഷവും ഏകി. ഉദ്ഘാടനം ഏറ്റിരുന്ന ശ്രീ കെ.എം.മാണി എം.എൽ.എ ക്ക് ആരോഗ്യപ്രശ്നം കാരണം എത്താൻ പറ്റാതിരുന്ന സാഹചര്യത്തിൽ ശ്രീ ജോർജ്ജ് ജെ മാത്യു എക്സ്. എം. പി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുടുംബാംഗങ്ങൾക്ക് പരസ്പരം ഒന്നു കാണാനും സ്നേഹം പങ്കുവക്കാനും ഏറ്റവും പറ്റിയ ഒരു വേദിയാണ് കുടുംബയോഗങ്ങൾ എന്ന് ഏററവും സന്തോഷത്തോടെ ശ്രീ ജോർജ്ജ് ജെ മാത്യൂ കൂട്ടിച്ചേർത്തു.

കൂട്ടിക്കൽ സെന്റ് ജോർജ്ജ് ഫൊറോന പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട എബ്രാഹം കുപ്പപ്പുഴയ്ക്കലച്ചൻ മുഖ്യ പ്രഭാഷണം നടത്തി. ദൈവസ്ഥാപിതമായ കുടുംബങ്ങൾ വെല്ലുവിളികളെ നേരിടുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവും സഭാത്മകവുമായ ജാഗ്രത നാം പുലർത്തേണ്ടതുണ്ട്. കുടുംബത്തിലും സഭയിലും തങ്ങൾക്കു നിർവ്വഹിക്കുവാനുള്ള ഉത്തരവാദിത്തങ്ങളെക്കുറിച്ച് മാതാപിതാക്കൻമാർ ബോധവാൻമാരാകണം. അസൂയയും അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞ്പരസ്പരം സ്നേഹത്തിലും സഹകരണത്തിലും ജീവിക്കുവാൻ ഈ പന്തപ്ലാക്കൽ കുടുംബാംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. കുടുംബാംഗങ്ങൾ പരസ്പരം കണ്ടാൽ മിണ്ടാൻ പോലും മടിക്കുന്ന ഈ കാലഘട്ടത്തിൽ 16 വർഷമായി മുടങ്ങാതെ ഈ കുടുംബയോഗങ്ങൾ നടക്കുന്നതിൽ എല്ലാവരേയും ഇതിന്റെ ഭാരവാഹികളേയും പ്രത്യേകിച്ച് തോമസച്ചനേയും അഭിനന്ദിച്ചു.

ബഹറിനിലായിരുന്ന ശ്രീ ആന്റോ ആന്റണി എം.പി ഈ കുടുംബയോഗത്തിൽ പങ്കെടുക്കാൻ വേണ്ടി മാത്രം രാവിലെ നെടുമ്പാശേരിയിലെത്തി. 11.10 നു ഇവിടെ എത്തിച്ചേരുകയും സ്നേഹനിർഭരമായ ഒരു ആശംസ എല്ലാവർക്കും അർപ്പിച്ചു സംസാരിച്ചു.

ഈ കുടുംബയോഗത്തിൽ സംബന്ധിക്കാനായി റവ.ഫാ. രമേഷ് ചെറിയാൻ എസ്.ഡി.ബി കൽക്കട്ടായിൽ നിന്നും എത്തി കുടുംബാംഗങ്ങളേയും കൂട്ടി ഈ യോഗത്തിൽ കൃത്യ സമയത്തുതന്നെ എത്തി. നല്ല ഒരു സന്ദേശം നൽകി സംസാരിച്ചു. കൂടാതെ കൽക്കട്ടായിലെ അച്ചന്റെ പ്രവർത്തനമേഖലയുടെ വിവരങ്ങൾ അടങ്ങിയ ക്രിസ്തുമസിന്റെയും ന്യൂ ഇയറിന്റെയും ഒരു ഗ്രീറ്റിംഗ്സ് കാർഡും എല്ലാവർക്കും നൽകി.

കട്ടപ്പന മരിയൻപാറയിൽ നിന്നും റവ. ഫാദർ വർഗ്ഗീസ് മഞ്ഞക്കുഴക്കുന്നേൽ കൃത്യസമയത്തുതന്നെ എത്തി ഏവർക്കും ഹൃദ്യമായ ഒരു ആശംസയർപ്പിച്ചു സംസാരിച്ചു.

കോൺഗ്രസിന്റെ വനിതാ വിഭാഗം സംസ്ഥാന ജനറൽ സെക്രട്ടറിയും ഡി.സി.സി മെമ്പറും കാഞ്ഞിരപ്പള്ളി മരിൻ കോളേജിന്റെ പ്രിൻസിപ്പളുമായ ഏലമ്മ ജോസ്, മുൻ കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും കോൺഗ്രസിന്റെ കൂട്ടിക്കൽ മണ്ഡലം പ്രസിഡന്റും മുൻ അദ്ധ്യാപകനുമായിരുന്ന ശ്രീ വി. എം.ജോസഫ്, മുൻ കുടുംബയോഗ പ്രസിഡന്റുമാരായ ശ്രീ പി.ടി. ജോസഫ് പേരാവൂർ, ശ്രീ ബേബി താമരശേരി, മുൻ സെക്രട്ടറി ശ്രീ ചെറിയാൻ മാസ്റ്റർ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ശ്രീ രാജു പന്തത്തല കൃജ്ഞത അർപ്പിച്ചു.

12 മണിക്ക് പൊതു ചർച്ചയും പരിചയപ്പെടലും നടന്നു. ആദ്യമായി കുടുംബയോഗത്തിൽ പങ്കെടുക്കാൻ എത്തിയവരും ഉണ്ടായിരുന്നു. കുടുംബയോഗങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കൂടുതൽ കുടുംബാഗങ്ങളുടേയും പ്രത്യേകിച്ച് യുവജനങ്ങളുടേയും സാന്നിദ്ധ്യം ഉണ്ടാകണമെന്ന് ചർച്ചയിൽ തീരുമാനമെടുത്തു.

തുടർന്ന് 1 മണിക്ക് വിഭവ സമൃദ്ധമായ സ്നേഹവിരുന്നും ഒപ്പം തന്നെ കുട്ടികളുടെ കൊച്ചുകൊച്ചു കലാപരിപാടികളും അവതരിപ്പിച്ച് യോഗത്തിന് മാറ്റുകൂട്ടി.

2 മണിയോടുകൂടി പുതിയ ഭരണസാരഥികളുടെ തെരെഞ്ഞെടുപ്പു നടന്നു. അടുത്ത കുടും ബയോഗം 2018 നവംബർ 10-ാം തീയതി കോഴിക്കോട് ചവറാനാമുഴി പന്തപ്ലാക്കൽ ബാബു വിന്റെ ഭവനത്തിൽ വെച്ചു നടത്താനും തീരുമാനിച്ചു.

## തെരെഞ്ഞെടുക്കപ്പെട്ട പുതിയ കുടുംബയോഗ ഭാരവാഹികൾ

| | | |
|---|---|---|
| രക്ഷാധികാരി | : റവ. ഫാ തോമസ് പന്തപ്ലാക്കൽ | : CMI 9446487399 |
| പ്രസിഡന്റ് | : ശ്രീ ജോസ് ചെറുതോട് | : 9446487399 |
| വൈസ് പ്രസിഡന്റ് | : ശ്രീ. മാത്തുക്കുട്ടി വീർപ്പാട് | : 9846047202 |
| സെക്രട്ടറി | : ശ്രീ. തങ്കച്ചൻ കുടിയ്ക്കൽ | : 9446827210 |
| ജോയിന്റ് സെക്രട്ടറി | : ശ്രീ. സെബാസ്റ്റ്യൻ ആലങ്ങോട് | : 9447004037 |
| ട്രഷറർ | : ശ്രീ. പി. വി ജോർജ്ജ് ഓടംതോട് | : 9496308527 |

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| പേരാവൂർ | : ശ്രീ. ചാക്കോ പി.വി ഓടംതോട് | : 9496096590 |
| | : ശ്രീ. സന്തോഷ് അണുങ്ങോട് | : 9645861202 |
| | : ശ്രീ. പുഷ്പ ചാക്കോ ഓടംതോട് | : 9496096590 |
| ഇരിട്ടി | : ശ്രീ. ജോസ് പൈസക്കരി | : 9447850329 |

| | | |
|---|---|---|
| | : ശ്രീ. റ്റോമി വീർപ്പാട് | : 9745219181 |
| | : ശ്രീമതി. ബിന്ദു ഫ്രാൻസീസ് പൈസക്കരി | : 9400791570 |
| ആലക്കോട് | : ശ്രീ. റിജുമോൻ ആലക്കോട് | : 8289839866 |
| | : ശ്രീ. ബോബൻ ആന്റണി ആലക്കോട് | : 9447662274 |
| | : ശ്രീമതി.ലിസ്സി ജോയി | : 9400550540 |
| കോഴിക്കോട് | : ശ്രീ. ഷൈജി പശുക്കടവ് | : 9496420550 |
| | : ശ്രീ. ബാബു കുറ്റ്യാടി | : 9497645215 |
| | : ശ്രീമതി. എൽസി തോമസ് | : 9645371174 |
| കാഞ്ഞിരമറ്റം | : ശ്രീ മാത്തുക്കുട്ടി പൈക | : 9447312959 |
| | ശ്രീ രാജു പന്തത്തല | : 9447456806 |
| | ശ്രീമതി ഷാലി മാത്യു പൈക | : 9447312959 |
| കപ്പാട് | : ശ്രീ ജോണി കപ്പാട് | : 9446123949 |
| | ശ്രീ പാപ്പച്ചൻ കപ്പാട് | : 9744580541 |
| | ശ്രീമതി ജാസ്മിൻ ജോഷി കപ്പാട് | : 9745201737 |
| കോട്ടയം | : ശ്രീ ജോയൻ ചെറിയാൻ | : 9495481030 |

| | | | |
|---|---|---|---|
| | | ശ്രീ. ഷാജി പാലാ | : 9447507681 |
| | | ശ്രീമതി മിനിലാലി മാന്നാനം | : 9249789249 |
| മുണ്ടക്കയം | : | ശ്രീ. ബിജു ഏന്തയാർ | : 95676697-01 |
| | | ശ്രീ. സിബി ഏന്തയാർ | : 9447808687 |
| വാഴവര | : | ശ്രീ. അവിരാച്ചൻ വാഴവര | : 9961234352 |
| | | ശ്രീമതി ആനിയമ്മ ജോസഫ് | : 8547278971 |

3 മണിയോടുകൂടി ആദരിക്കൽ ചടങ്ങ് തുടങ്ങി. ഏറ്റവും പ്രായം കൂടിയ വ്യക്തി പുരുഷൻ / സ്ത്രീ, ഏറ്റവും പ്രായമുള്ള ദമ്പതികൾ, ഒടുവിൽ വിവാഹം കഴിച്ചവർ, ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത കുടുംബം ഏറ്റവും ദൂരെ നിന്ന് വന്നവർ, ഏതെങ്കിലും മേഖലയിൽ മികവ് തെളിയിച്ചവർ, ഏറ്റവും അവസാനം ജനിച്ച കുട്ടി, എന്നിവരെ തോമസച്ചൻ സമ്മാനങ്ങൾ നൽകി ആദരിച്ചു.

തുടർന്ന് ഏറ്റവും ആവേശകരമായ മലബാർ v/s തിരുവിതാംകൂർ വടം വടംവലി മത്സരം നടന്നു. പുരുഷന്മാരുടെയും സ്ത്രീകളുടെയും മത്സരത്തിൽ മലബാർ ടീമിനെ തോൽപിച്ച് തിരുവിതാംകൂർ വിജയം കരസ്ഥമാക്കി. വിജയികൾക്ക് തോമസച്ചൻ

സമ്മാനങ്ങൾ നൽകി ആദരിച്ചു. സമ്മാനങ്ങൾ സ്പോൺസർ ചെയ്തത് ജോഷി പി മാത്യു GABRY, Aluminium, Aluva ആയിരുന്നു. സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ഗാബ്രി അലൂമിനിയത്തിന് ഈ കുടുംബയോഗത്തിന്റെ പ്രത്യേക നന്ദി അറിയിച്ചു.

16-ാം കുടുംബയോഗം നടന്നതിന്റെ ഓർമ്മയ്ക്കായി യോഗം നടന്ന വീട്ടിലെ തങ്കച്ചനും കുടുംബാംഗങ്ങൾക്കും ഒരു ഫലകം നൽകി തോമസച്ചൻ നന്ദിയും ആദരവും അറിയിച്ചു. തുടർന്ന് വൈസ് പ്രസിഡന്റ് മാത്തുക്കുട്ടി യോഗത്തിന്റെ ഒരു അവലോകനം നടത്തി കൃതജ്ഞതയും അർപ്പിച്ചു.

4.30 ന് ചായ സത്ക്കാരത്തോടുകൂടി 16-ാം കുടുംബയോഗത്തിന് തിരശ്ശീല വീണു.

## ഉപസംഹാരം

പന്തപ്ലാക്കൽ കുടുംബയോഗം 17-ാം വർഷത്തിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളിലും വളർച്ചയിലും സഹായിച്ച നാം നന്ദിയോടെ സ്മരിക്കേണ്ട നിരവധി ആളുകളുണ്ട്. നമ്മുടെ പ്രവർത്തനങ്ങളിൽ താങ്ങും തണലുമായി നിന്ന് പിതൃവാത്സല്യത്തോടുകൂടി നമ്മെ സ്നേഹിക്കുകയും നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നമ്മുടെ രക്ഷാധികാരി റവ. ഫാദർ തോമസ് പന്തപ്ലാക്കൽ സി.എം.ഐ നമ്മുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായ സഹകരണങ്ങൾ നൽകുന്ന മുൻ പ്രസിഡന്റുമാർ വൈസ് പ്രസിഡന്റുമാർ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ എന്നിവരോടുള്ള ഹൃദയംഗമമായ നന്ദി അർപ്പിക്കുന്നു.

സ്വാർത്ഥതയാൽ ബന്ധങ്ങൾ അറ്റുപോകുന്ന ഈ ലോകത്തിൽ സ്നേഹബന്ധവും സൗഹൃദവും കടപ്പാടും, കൂട്ടായ്മയും ഊഷ്മളമാക്കുവാൻ ഈ കുടുംബയോഗങ്ങൾ ഇടയാക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ 2017- 2018 വർഷത്തെ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ സവിനയം സമർപ്പിക്കുന്നു.

പന്തപ്ലാക്കൽ കുടുംബയോഗത്തിനുവേണ്ടി

സെക്രട്ടറി തങ്കച്ചൻ കൂട്ടിക്കൽ